**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4446** **01-07-2024 - ൽ മറുപടിയ്ക്ക്**

**വർക്കല മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വർക്കല മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന ആരംഭിച്ചിട്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾ എത്രയാണെന്നും അതുവഴി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത്/മുൻസിപ്പാലിറ്റി തിരിച്ച് വിവരങ്ങൾ ചുവടെ ചേർക്കുന്നു. (പട്ടിക താഴെ) |

| നം | പഞ്ചായത്ത്/ മുൻസിപ്പാലിറ്റി | വകുപ്പ് മുഖേന ആരംഭിച്ച വ്യവസായങ്ങൾ (എണ്ണം) | തൊഴിൽ (എണ്ണം) |
|---|---|---|---|
| 1 | ചെമ്മരുതി | 51 | 67 |
| 2 | ഇലകമൺ | 42 | 50 |
| 3 | വെട്ടൂർ | 26 | 31 |
| 4 | ഇടവ | 57 | 80 |
| 5 | നാവായിക്കുളം | 40 | 60 |
| 6 | പള്ളിക്കൽ | 17 | 35 |
| 7 | മടവൂർ | 23 | 45 |
| 8 | വർക്കല മുൻസിപ്പാലിറ്റി | 58 | 80 |
| | **ആകെ** | **314** | **448** |

| | | | |
|---|---|---|---|
| (ബി) | മണ്ഡലത്തിൽ വകുപ്പ് മുഖേന പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ? | (ബി) | വ്യവസായ വകുപ്പ് വഴി സംസ്ഥാന തലത്തിൽ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും വർക്കല മണ്ഡലത്തിലും നടപ്പിലാക്കുന്നതാണ്. 2024- 25 സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കുന്നത് '' സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയുടെ പുനരുജ്ജീവനം, പുനരുദ്ധാരണം, ഉയർത്തെഴുനേൽപ്പ്'' എന്ന പദ്ധതിയാണ്.<br><br>കൂടാതെ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ മണ്ഡലത്തിൽപെടുന്ന അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനുള്ള താല്പര്യപത്രം ക്ഷണിക്കുകയും അതേതുടർന്ന് നിക്ഷേപ സന്നദ്ധതയുമായി ഒരു വ്യവസായി |

| | | | |
|---|---|---|---|
| | | | കിൻഫ്രയെ സമീപിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിക്ഷേപകൻ കിൻഫ്രയുമായി ഒരു ധാരണാപത്രം ഒപ്പിട്ടു നൽകുകയും ഭൂമി അനുവദിക്കുന്നതിന് ആവശ്യമായ ആപ്ലിക്കേഷനും അനുബന്ധ രേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ